# ക്രൈസ്തവമതപീഡനം

**ആരും കാണാത്ത കണ്ണീർ മഴകൾ എന്ന ലേഖനമാണ് ഈ കുറിപ്പിനാധാരം (സൺഡേ ശാലോം, 2014, സെപ്തംബർ. 28,പേ.6).**

പാക്കിസ്ഥാൻ മുതൽ തുർക്കി വരെയുള്ള ഭൂപ്രദേശങ്ങളിലെ ക്രിസ്ത്യാനികൾ നമ്മുടെ ഈ കാലഘട്ടത്തിൽ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്; അതുപോലെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ പല രാജ്യങ്ങളിലും. ഇപ്പോൾ ലോകത്ത് അമ്പത് രാജ്യങ്ങളിൽ വിവധ തരത്തിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. പാക്കിസ്ഥാൻ, ഇറാക്ക്, സിറിയാ തുടങ്ങിയ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നു ലഭിക്കുന്ന വാർത്തകൾ കരളലിയിക്കുന്നതാണ്. ഇപ്പോൾ ന്യൂനപക്ഷമായിത്തീർന്ന ക്രിസ്ത്യാനികൾ കടുത്ത വിവേചനത്തിന് വിധേയരാകുന്നു. മനുഷ്യത്വത്തെ അൽപ്പം പോലും ബഹുമാനിക്കാത്ത ഭീകരവാദികൾ ഈ പ്രദേശങ്ങളിലുള്ള ക്രിസ്ത്യാനികളോട് ചെയ്യുന്ന ക്രൂരകൃത്യങ്ങൾ ഈയടുത്ത കാലത്ത് വളരെ വർധിച്ചിട്ടുണ്ട്. ക്രിസ്തുമതത്തിന്റെ ആരംഭകാലം മുതൽ നൂറ്റാണ്ടുകളായി പശ്ചിമേഷ്യൻ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളാണ് ഇപ്പോൾ കഠിനമായ മതപീഡനത്തിന് വിധേയരാകുന്നതും തങ്ങൾ സ്ഥിരമായി താമസിച്ചിരുന്ന സ്ഥലങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടുന്നതും.

ക്രിസ്തുമതാരംഭകാലത്ത് പശ്ചിമേഷ്യൻ ക്രിസ്ത്യാനികൾ റോമൻ - പേർഷ്യൻ സാമ്രാജ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. പലസ്തീന, സിറിയാ, മെസപ്പൊട്ടേമിയ, ഏഷ്യാമൈനർ (തുർക്കി) തുടങ്ങിയ രാജ്യങ്ങളിലും ഈജിപ്ത് ഉൾപ്പെടെയുള്ള ആഫ്രിക്കൻ വൻകരയുടെ മെഡിറ്ററേനിയൻ തീരപ്രദേശങ്ങളിലും നൂറുശതമാനം ആളുകളും ക്രിസ്ത്യാനികളായിരുന്നു. ആദ്യത്തെ മുന്നൂറു വർഷം, കോൺസ്റ്റൻടൈൻ ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം കൊടുത്തതുവരെ, റോമൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ കാലാകാലങ്ങളിൽ പീഡിപ്പിക്കപ്പെട്ടിരുന്നു. പേർഷ്യൻ രാജ്യത്തിലാകട്ടെ ഏതാണ്ട് 600-ാമാണ്ടുവരെ ഇടയ്ക്കിടെ മതമർദനം തുടർന്നു. റോമൻ-പേർഷ്യൻ സംഘട്ടനങ്ങളും യുദ്ധങ്ങളും അതിർത്തി പ്രദേശങ്ങളിലെ ക്രിസ്ത്യാനികളെ സാരമായി ബാധിച്ചിരുന്നു. ശത്രുക്കളായ ബിസൻന്റെൻകാരോട് പരാജയപ്പെട്ടാൽ അതിന്റെ രോഷത്തിന് പേർഷ്യയിൽ ഇരയായിരുന്നത് ക്രിസ്ത്യാനികളായിരുന്നു. പേർഷ്യാക്കാർ യുദ്ധത്തിൽ ജയിച്ചാൽ വൻതോതിൽ റോമൻപ്രദേശത്തു നിന്ന് ജനങ്ങളെ പേർഷ്യൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പേർഷ്യാക്കാർ നാടുകടത്തിയിരുന്നു.

ക്രിസ്ത്യാനികളുടെ ഇടയിലെ പടലപിളർപ്പുകൾ ആക്രമണകാരികളുടെ ശക്തികൂട്ടി. റോമൻ സാമ്രാജ്യത്തിലെ ആദ്യകാലസിനഡുകൾ അംഗീകരിക്കാൻ വിസമ്മതിച്ചവരെ ചില ബിസന്റെൻ ചക്രവർത്തിമാർ പീഡിപ്പിച്ചിരുന്നു. ഈജിപ്ത് ഒഴികെയുള്ള പൗരസ്ത്യപ്രദേശങ്ങളിലൊക്കെ പലപ്പോഴും റോമൻ ചക്രവർത്തിമാർ മതപരമായ അഭിപ്രായവ്യത്യാസം ഉള്ളവരെ പീഡിപ്പിച്ചിരുന്നു. എന്നാൽ പേർഷ്യൻ-ബിസന്റെൻ ചക്രവർത്തിമാരുടെ മതപീഡനത്തെ പശ്ചിമേഷ്യൻ ക്രിസ്ത്യാനികൾ അതിജീവിച്ച്, തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചു.

ഏഴാം നൂറ്റാണ്ടിൽ തെക്കൻ അറേബ്യൻ പ്രദേശത്തു നിന്നുള്ള അറബികളുടെ മുന്നേറ്റത്തിൽ പേർഷ്യൻ - റോമൻ പ്രദേശങ്ങൾ ഒന്നൊന്നായി അവരുടെ കാൽക്കീഴമർന്നു. അതോടുകൂടി പശ്ചിമേഷ്യയിലും ഈജിപ്ത് ഉൾപ്പെടെയുള്ള ഉത്തര ആഫ്രിക്കയിലും ക്രിസ്തുമതത്തിന്റെ അധപ്പതനം ആരംഭിച്ചു. ബിസന്റെൻ ഭരണാധികാരികളോട് എതിർപ്പുണ്ടായിരുന്ന ജനങ്ങൾ, കടന്നു വന്നവരെ സ്വാഗതം ചെയ്തു. ഒറ്റിക്കൊടുക്കലും ചതിപ്രയോഗങ്ങളും നടന്നതായി പറയപ്പെടുന്നു. അറബികളുടെ മുന്നേറ്റം ഒരു ജൈത്രയാത്രയായിരുന്നു. പേർഷ്യാക്കാരും ബിസന്റെൻകാരും തമ്മിൽ യുദ്ധം ചെയ്ത് ക്ഷീണിച്ചിരുന്ന അവസരത്തിലായിരുന്നു അവരുടെ മുന്നേറ്റം.

അറബി ആക്രമണത്തോടുകൂടി പശ്ചിമേഷ്യയിലെ അതിർത്തികൾ ഇല്ലാതായി. പേർഷ്യ, മെസപ്പൊട്ടെമിയ, സിറിയാ, പലസ്തീനാ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളെല്ലാം കൂടി അറബികളുടെ കീഴിൽ ഏകരാജ്യമായി. ഈ പ്രദേശങ്ങളിലെ ക്രിസ്ത്യാനികളും യഹൂദരും മറ്റും സംരക്ഷിതപ്രജ (ദിമ്മി) എന്ന നിലയിലേക്ക് തരംതാണു. സ്ഥലക്കരവും തലക്കരവും കൊടുക്കാൻ അവർ നിർബന്ധിതരായി എന്നതൊഴിച്ചാൽ അറബികളുടെ കീഴിലേക്കുള്ള ഭരണമാറ്റം ആദ്യമൊന്നും ക്രിസ്ത്യാനികളെ കാര്യമായി ബാധിച്ചില്ല. ബിസന്റെൻ മർദകരുടെ കീഴിൽ നിന്ന് സ്വതന്ത്രരായവർ അറബി മുന്നേറ്റത്തെ സ്വാഗതം ചെയ്തു.

അറബികൾ ആധിപത്യം ഉറപ്പിച്ചുകഴിഞ്ഞപ്പോൾ, പ്രാദേശികഭാഷകൾ നിർത്തലാക്കി. സുറിയാനി, കോപ്റ്റിക് ഭാഷകളുടെ സ്ഥാനത്ത് അറബി ഭാഷ നിർബന്ധമായി നടപ്പാക്കി. ഉമ്മയിഡ് കാലിഫുമാരും അബ്ബസിഡ് കാലിഫുമാരും പൊതുവേ കഠിനമായ മതമർദനം നടത്തിയിരുന്നില്ല. അബ്ബസിഡ് കാലിഫുമാരിൽ അൽ മഹ്ദി (775-785), ഹറൂൺ അൽ റഷീദ് (785-809), അൽ മുതവക്കിൽ (846-861) എന്നിവർ ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചു. പലപ്പോഴും ക്രിസ്ത്യാനികളുടെ വർധിച്ചുവരുന്ന സ്വാധീനത്തിൽ അസൂയപൂണ്ട ജനക്കൂട്ടമാണ് കലഹത്തിന് തീ കൊളുത്തിയതും കാലിഫുമാരുടെ ക്രോധം ക്ഷണിച്ചു വരുത്തിയതും.

തെക്കു നിന്നുവന്ന അറബികൾക്കുശേഷം കിഴക്കുനിന്ന് തുർക്കികളും മംഗോളിയരും പടിഞ്ഞാറുനിന്ന് യൂറോ

പ്യന്മാരും പശ്ചിമേഷ്യയിലെത്തി. കാലിഫ് അൽ മുത്തസിം (833-842) മധ്യേഷ്യയിൽ നിന്ന് അംഗരക്ഷകരായി വൻതോതിൽ തുർക്കികളെ ക്ഷണിച്ചുവരുത്തി. അവർ ബാഗ്ദാദിലെ അബ്ബസിഡ് കാലിഫുമാരെ നാമമാത്ര ഭരണാധി പന്മാരായി നിലനിർത്തി ഭരണം നടത്തി. അതിന്റെ തുടർച്ചയായി അബ്ബസിഡ് സാമ്രാജ്യം നിരവധി എമിറേറ്റുകളായി പിളർന്നു. തുർക്കികളുടെ ഭരണവും എമീർമാർ തമ്മിലുള്ള കലഹവും കുരിശുയുദ്ധക്കാരുടെ സാന്നിധ്യവും സ്ഥലത്തെ ക്രിസ്ത്യാനികളെ സാരമായി ബാധിച്ചു. അവർ ബഹുവിധ പീഡനങ്ങൾക്ക് വിധേയരായി. കടന്നുവന്നവരൊക്കെ ഒരു തരം കാട്ടാളന്മാരായിരുന്നു. കുരിശുയുദ്ധക്കാരുടെ ക്രൂരത നിമിത്തമാണ് മറ്റുള്ളവരും കടുത്ത നടപടികളിലേക്ക് തിരിഞ്ഞത്. ഇതിന്റെയെല്ലാം അനന്തരഫലം അനുഭവിക്കേണ്ടി വന്നത് സ്ഥലത്തെ ക്രിസ്ത്യാനികളായിരുന്നു.

തുടർന്ന് തുർക്കോ-മംഗോളിയരുടെ തള്ളിക്കയറ്റവും ആക്രമണവും ഉണ്ടായി. ചെങ്കിഷ്ഖാൻ (1162-1227)എന്ന മംഗോളിയൻ അനേകം പട്ടണങ്ങൾ തകർത്തു. ഹുലാഗു 1258-ൽ ബാഗ്ദാദ് ആക്രമിച്ച് അബ്ബസിഡ് ഭരണം അവസാനിപ്പിച്ചു. ഹസ്സൻ എന്ന മംഗോളിയൻ 1295-ൽ ഇസ്ലാം സ്വീകരിക്കുകയും ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ചെയ്തതോടുകൂടി ക്രിസ്ത്യാനികൾ കടുത്ത മതപീഡനത്തിന് വിധേയരായി.

കുരിശുയുദ്ധക്കാരും അറബികളും തമ്മിലുള്ള യുദ്ധത്തിലും നാശനശഷ്ടങ്ങളും ജീവഹാനിയും വൻതോതിൽ സംഭവിച്ചത് നാട്ടിലെ ക്രിസ്ത്യാനികൾക്കാണ്. ഒന്നിനുപിറകെ ഒന്നായി വന്ന ആക്രമണകാരികൾ - കിഴക്കു നിന്നായാലും പടിഞ്ഞാറു നിന്നായാലും - മനുഷ്യജീവന് യാതൊരു വിലയും കൽപ്പിച്ചില്ല. ബെർലാസ് തുർക്കി ടൈമൂർ (1396-1405) പശ്ചിമേഷ്യയിൽ ഉടനീളം വൻപിച്ച നാശനഷ്ടങ്ങൾ വരുത്തി. ഇക്കാലത്ത് കഠിനമായ മതപീഡനം നടന്നു. ടൈമൂർ ബാഗ്ദാദ് ആക്രമിച്ച് തകർത്തു. സിറിയായിലൂടെ പടയോട്ടം നടത്തി. അയാൾ പോയിടങ്ങളെല്ലാം നഷ്ടക്കൂമ്പാരമായി. മർദീൻ, മോസൂൾ, തുർ അബ്ദീൻ, തഗ്രീത് എന്നിവിടങ്ങളിലൊക്കെ ഭീകരത വിതച്ചുകൊണ്ടാണ് ടൈമൂർ കടന്നുപോയത്. അനേകർ മലകളിലേക്ക് ഓടിപ്പോയി. പടയോട്ടം കഴിഞ്ഞപ്പോൾ തിരികെ വന്നവർ കണ്ടത് നഷ്ടക്കൂമ്പാരം മാത്രം. പള്ളികളും ആശ്രമങ്ങളും ഉണ്ടായിരുന്നിടങ്ങളിൽ കൽക്കൂമ്പാരം മാത്രം. മലവെള്ളം പോലെ ഇരച്ചുവന്ന ശത്രുക്കളെ എതിരിടാൻ ആർക്കും സാധിച്ചില്ല. സ്ഥലത്തെ ഭരണാധികാരികൾ യോജിച്ചു നിന്നുമില്ല.

ടൈമൂറിനു പിന്നാലെ സെൽയുക് തുർക്കികളും അവർക്കു പിറകെ ഓട്ടോമൻ തുർക്കികളും പശ്ചിമേഷ്യ കീഴടക്കി. ഇക്കാലത്ത് അനേകർ കൂട്ടത്തോടെ ഇസ്ലാം സ്വീകരിച്ചു. പലയിടത്തും ജനങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കി. അവശേഷിച്ചവർ കുർദിഷ് മലകളിൽ അഭയം തേടി. കുർദികളുടെയും യസീദികളുടെയും ഇടയിൽ ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ട ഒരു ജനമായി ക്രിസ്ത്യാനികൾ തരംതാണു. അവരുടെ സർവപ്രതാപവും നശിച്ചു.

കീഴടക്കപ്പെട്ട പ്രദേശങ്ങളിൽ അറബികളും തുർക്കികളും കൂട്ടത്തോടെ കുടിയേറി. നിർബന്ധിച്ചുള്ള മതപരിവർത്തനത്തിലൂടെ അവരുടെ സംഖ്യ വർധിച്ചുകൊണ്ടിരുന്നു. ഏഷ്യാമൈനർ എന്ന് ബിസന്റൈൻ സാമ്രാജ്യത്തിൽ അറിയപ്പെട്ടിരുന്ന പ്രദേശത്തേക്ക് വിവിധ വിഭാഗങ്ങളിൽ പെട്ട തുർക്കികൾ ഇരച്ചുകയറി , ഭൂരിഭാഗം സ്ഥലങ്ങളും അവരുടെ കീഴിലാക്കി. അവസാനം കോൺസ്റ്റാന്റിനോപ്പിൾ മാത്രമേ ചക്രവർത്തിയുടെ കീഴിൽ ഉണ്ടായിരുന്നുള്ളു. 1453-ൽ മുഹമ്മദ് രണ്ടാമൻ എന്ന ഓട്ടോമൻ തുർക്കി നേതാവ് കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ച് കീഴടക്കി, ഓട്ടോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമാക്കി. പട്ടണം കീഴടക്കാൻ പാശ്ചാത്യരായ ആയുധവിൽപ്പനക്കാർ സഹായിച്ചു എന്നു പറയപ്പെടുന്നു. സുൽത്താൻ-ചക്രവർത്തി എന്ന പേരിൽ 1453 മുതൽ 1923 വരെ ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കി വിശാലമായ ഓട്ടോമൻ സാമ്രാജ്യം ഭരിച്ചു. നഗരത്തിന്റെ പേര് ഇസ്തംബൂൾ എന്നാക്കി. അങ്ങനെ പൗരസ്ത്യറോമാസാമ്രാജ്യം (ബിസന്റൈൻ സാമ്രാജ്യം) അവസാനിച്ചു.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ കാലത്ത് നാട്ടുകാരായ ക്രിസത്യാനികൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. കുർദിഷ് മലകളിലേക്ക് ഓടിപ്പോയവർ രക്ഷപെട്ടു. അവരുടെ പിൻതലമുറയിൽ പെട്ടവരാണ് ഇപ്പോൾ പശ്ചിമേഷ്യയിലും ഈജിപ്തിലും കഠിനമായ മതപീഡനത്തിന് വിധേയരാക്കപ്പെടുന്നത്. കടന്നു വന്നവരൊക്കെ ക്രിസ്ത്യാനികളെ ഞെരുക്കിയിരുന്നു. ചിലർ കൂടുതൽ കിരാതമായ മതപീഡനം നടത്തി, മറ്റുചിലർ മതപീഡനത്തിന്റെ കാഠിന്യം കുറച്ചു. ഈജിപ്തിലെ ഫാതിമിഡ് ഭരണാധികാരികൾ മാത്രം ക്രിസ്ത്യാനികളോട് മാന്യമായി പെരുമാറി.

നിയമത്തിനു മുമ്പിൽ സമത്വം ഇല്ലായിരുന്നു. കീഴടക്കപ്പെടുന്ന സ്ഥലങ്ങളിൽ കൊലയും കൊള്ളിവയ്പും കവർച്ചയും സാധാരണമായിരുന്നു. പുരുഷന്മാരെ കൊന്നുകളഞ്ഞിട്ട, സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കിയിരുന്നു. ആശ്രമങ്ങൾ, പള്ളികൾ, മഠങ്ങൾ എന്നിവയൊക്കെ നിഷ്കരുണം തകർക്കപ്പെട്ടു. ഒരു മനുഷ്യനോടും കാരുണ്യം കാണിക്കാതെ മനുഷ്യക്കുരുതി തുടർന്നു. ഗ്രമങ്ങളും കൃഷിസ്ഥലങ്ങളും നശിച്ചതിനാൽ, പട്ടിണിയും പരിവട്ടവും പകർച്ചവ്യാധിയും വ്യാപകമായി. ആയിരക്കണക്കിനു മനുഷ്യർ ഇതിൽ നശിച്ചു. മനുഷ്യബന്ധങ്ങൾക്കോ, മനുഷ്യജീവനോ ആക്രമണകാരികൾ വിലകൽപ്പിച്ചില്ല. പട്ടണങ്ങളോട് വ്യത്യസ്ത സമീപനം പുലർത്തി. കപ്പം കൊടുക്കാൻ സമ്മതിച്ച നഗരങ്ങളെ സംരക്ഷിതപ്രദേശമായി കരുതി. എന്നാൽ ഗ്രാമങ്ങൾക്ക് ആ വില കൽപ്പിച്ചില്ല. മെസപ്പൊട്ടേമിയൻ പ്രദേശങ്ങളിൽ പലയിടങ്ങളിലും ഗ്രാമങ്ങൾ മൊത്തത്തിൽ നശിപ്പിച്ചുകളഞ്ഞു. ഈജിപ്തിൽ ചില ക്രിസ്ത്യാനികൾ ക്രിസ്തുമതം ഉപേക്ഷിച്ച് കൊള്ളയടിക്കലിന് നേതൃത്വം നൽകി. കീഴടക്കപ്പെട്ടവരിൽ നിന്ന് രൂപീകരിച്ച സൈന്യത്തെ കൊണ്ടാണ് തുടർന്നുള്ള ആക്രമണങ്ങൾ നടത്തിയത്. പത്താം നൂറ്റാണ്ടോടുകൂടി ഈ സ്ഥലങ്ങളിലെ ഭൂമിപക്ഷ ക്രിസ്ത്യാനികളുടെ അംഗസംഖ്യ ഗണ്യമായി കുറഞ്ഞു.

കൊള്ളയടിക്കാൻ ആർത്തിപൂണ്ട വിവിധ ടർക്കിഷ്-മംഗോൾ വർഗക്കാർ ക്രിസ്ത്യാനികളെ കവർച്ച ചെയ്ത് ഉന്മൂലനാശം വരുത്തി. തുടരെത്തുടരെയുള്ള കൊള്ളയടിക്കലിന്റെ ഫലമായി ഈ പ്രദേശങ്ങളിൽ അവശേഷിച്ചവർ ദരിദ്രാവസ്ഥയിലേക്ക് താണു. കടന്നു വന്നവർക്ക് അടിമപ്പണി ചെയ്യാൻ വിവിധ പ്രോവിൻസുകളിൽ നിന്ന് പതിനായിരക്കണക്കിന് ക്രിസ്തീയജനതകളെ പിടിച്ചുകൊണ്ടുവന്നു. കന്നുകാലിച്ചന്തകളിൽ കച്ചവടം നടത്തുന്നതുപോലെ കച്ചവടച്ചരക്കുകളായി മനുഷ്യക്കൂട്ടങ്ങളെ പരിഗണിച്ചു. അറബി-തുർക്കി കാലഘട്ടങ്ങളിലെല്ലാം അടിമത്തം സാർവത്രികമായിരുന്നു.

ക്രിസ്തീയ കുട്ടികളെ തട്ടിക്കൊണ്ടുപോകൽ സാധാരണമായിരുന്നു. അതിനു ചോദിക്കാൻ വകുപ്പില്ലായിരുന്നു. അവരെ മനുഷ്യത്വരഹിതമായി വളർത്തി തനി കാടത്തം നിറഞ്ഞ പട്ടാളക്കാരായി (ദെവ്റിഷ്മെ) മാറ്റി. അവരെക്കൊണ്ട് ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നു. ഏതാണ്ട് മൂന്നു നൂറ്റാണ്ട് ബാൾക്കൻ പ്രദേശങ്ങളിൽ ഈ സ്ഥിതി നിലനിന്നു. ഓട്ടോമൻ സുൽത്താൻ ഒർക്കൻ (1326–1359) ആണ് ഇത് തുടങ്ങിയത്. ബാൾക്കൻ പ്രദേശത്തെ ക്രിസ്ത്യാനികളെല്ലാം അഞ്ചാമത്തെ കുട്ടിയെ സുൽത്താന് ദാനമായി നൽകണമായിരുന്നു. പതിന്നാലിനും ഇരുപതിനും ഇടയ്ക്ക് പ്രായമുള്ള ഈ ചെറുപ്പക്കാരെ മുസ്ലീമാക്കി ജാനിസറികൾ എന്നറിയപ്പെട്ടിരുന്ന മിലിറ്ററിയിൽ ചേർത്തിരുന്നു. ഇതിൽ ഇപ്രകാരമുള്ള ക്രിസ്ത്യാനികൾ മാത്രമായിരുന്നു. ഈ ചെറുപ്പക്കാർ പരുപരുത്ത ജീവിതയാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടി ഏറ്റവും കിരാതരായ രാക്ഷസന്മാരായി തീരുകയും ക്രിസ്ത്യാനികളെ കൊള്ളയടിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതുപോലെ ആറിനും പത്തിനും ഇടയ്ക്ക് പ്രായമുള്ള ക്രിസ്ത്യൻ കുട്ടികളെ തട്ടിക്കൊണ്ടുപോയി പഠിപ്പിച്ച് സുൽത്താന്റെ അംഗരക്ഷകരാക്കുന്ന രീതിയും (ഇക്കൊഗ്ലാനി) ഉണ്ടായിരുന്നു. പതിന്നാലുവർഷം കഠിനമായ രൂപീകരണത്തിലൂടെ ഇവരും ക്രൈസ്തവവിരുദ്ധരായി തീർന്നിരുന്നു. 1656-ൽ ദെവ്റിഷ്മെ നിർത്തലാക്കി. എന്നാൽ ഇക്കൊഗ്ലാനി സിസ്റ്റം 18-ാം നൂറ്റാണ്ടിന്റെ മധ്യം വരെ പിന്നെയും തുടർന്നു.

പുതിയ ക്രിസ്തീയ പള്ളികൾ വയ്ക്കാനോ, ഉള്ളവ നവീകരിക്കാനോ ദിമ്മികൾക്ക് അനുവാദം ലഭിച്ചിരുന്നില്ല. പള്ളിമണി, ശവമടക്ക്, പ്രദക്ഷിണങ്ങൾ, മറ്റ് സഭാശുശ്രൂഷകൾ എന്നിവയ്ക്കൊക്കെ നിയന്ത്രണം ഏർപ്പെടുത്തി. വാലിദ്( 705–715), മഹ്ദി (775–785) എന്നിവരാണ് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. പലപ്പോഴും കരുതിക്കൂട്ടി ബഹളം ഉണ്ടാക്കി ആരാധനാലയങ്ങൽ നശിപ്പിച്ചിരുന്നു. കുരിശ് പുറത്തു കാണിക്കാൻ പാടില്ലായിരുന്നു. ഐക്കൺ, രൂപങ്ങൾ, കൊടികൾ എന്നിവ നിരോധിച്ചിരുന്നു. സിറിയായിൽ പള്ളിക്കകത്തിട്ട് ക്രിസ്ത്യാനികളെ ചുട്ടുകരിച്ചിരുന്നു. മമ്ലുക്കുകൾ മംഗോളിയരെ 1260-ൽ പരാജയപ്പെടുത്തിയപ്പോൾ ഡമാസ്ക്കസിലെ ക്രിസ്ത്യാനികൾ കഠിനമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ദിമ്മികളുടെ ഭവനങ്ങൾ ചെറുതും ഭംഗി കുറഞ്ഞതും ആയിരിക്കണമായിരുന്നു. വ്യത്യസ്തമായവയൊക്കെ പൊളിച്ചു കളഞ്ഞിരുന്നു. അറബി അക്ഷരമാല ഉപയോഗിക്കാൻ അവർക്ക് സ്വാതന്ത്ര്യമില്ലായിരുന്നു. ക്രിസ്ത്യാനികളുടെ വീടിന്റെ വാതിൽ താഴ്ത്തി വയ്ക്കണമായിരുന്നു. കടയിൽ കച്ചവടം ചെയ്യുന്ന ദിമ്മിക്കും പ്രത്യേക ഇരിപ്പുരീതി ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടുവരെ ഇസ്തംബൂളിലെ ഫാനറിലെ പ്രശസ്ത ക്രിസ്തീയ കുടുംബങ്ങൾ വീടുകളിൽ കറുത്ത ചായം അടിച്ചിരുന്നു. തിരിച്ചറിയാൻ ദിമ്മികൾ പ്രത്യേകവസ്ത്രം ധരിക്കാൻ നിർബന്ധിതരായിരുന്നു.

എന്നാൽ ഇവരുടെയൊക്കെ കഠിനമായ മതപീഡനത്തെ അതിജീവിച്ച് പശ്ചിമേഷ്യൻ-ഈജിപ്ഷ്യൻ ക്രിസ്തുമതം നാമമാത്ര അസ്തിത്വത്തിലെങ്കിലും നിലനിന്നു. ഇറാക്കിൽ നിനിവേ പ്രദേശങ്ങളിലാണ് ക്രിസ്ത്യാനികൾ കൂടുതലായി പാർത്തിരുന്നത്. അവിടെനിന്ന് അവരെ പൂർണമായി ഓടിച്ചു. അവിടെയുള്ള അതിപുരാതനമായ ക്രൈസ്തവകേന്ദ്രങ്ങൾ തകർത്തു. താരതമ്യേന ശാന്തമായ അന്തരീക്ഷമാണ് മുമ്പ് സിറിയായിലും ഇറാക്കിലും ഈജിപ്തിലും ഉണ്ടായിരുന്നത്. അമേരിക്കൻ അധിനിവേശത്തോടുകൂടെ ആ അന്തരീക്ഷം മാറി. അറബിവസന്തം എന്നറിയപ്പെടുന്ന മുന്നേറ്റത്തിന്റെ ഫലമായി, ശക്തരായ ഭരണാധികാരികളുടെ അഭാവം ഇറാക്കിലും സിറിയായിലും ഈജിപ്തിലും ലിബിയായിലും ഉണ്ടായി. ആക്രമണകാരികളെയും രാക്ഷസന്മാരെയുമൊക്കെ ഏകാധിപതികൾ നിയന്ത്രിച്ചു നിർത്തിയിരുന്നു. അവരുടെ അഭാവത്തിൽ രക്തദാഹികളായ രാക്ഷസന്മാർ ഈ നാടുകളിലെല്ലാം സടകുടഞ്ഞെഴുന്നേറ്റു. ക്രിസ്ത്യാനികളെ ഉന്മൂലനാശം വരുത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ബാഹ്യമായിട്ടാണെങ്കിൽ പോലും ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞവർ പെട്ടെന്ന് സംഹാരതാണ്ഡവം നടത്തി. ടൈമൂറിനെ അനുസ്മരിപ്പിക്കുന്ന ഭീകരതയാണ് അവർ നടത്തുന്നത്.

ഇത് മനുഷ്യത്വത്തോടുള്ള വെല്ലുവിളിയാണ്. സമാധാനപ്രിയരായ ക്രിസ്ത്യാനികൾക്ക് എല്ലാം ഉപേക്ഷിച്ച രക്ഷപെടുക എന്ന ഒറ്റ വഴിയേ ഉണ്ടായിരുന്നുള്ളൂ. ഭീകരരുടെ കണ്ണിൽ പെട്ടവരെയെല്ലാം അവർ ഭീകരമായി കുരുതി കഴിച്ചു. നമ്മുടെ നാട്ടിലെ മാധ്യമങ്ങളൊന്നും ഇവയോന്നും കണ്ടില്ല, അറിഞ്ഞില്ല, പ്രതികരിച്ചില്ല. വംശഹത്യ തന്നെയാണ് പശ്ചിമേഷ്യയിൽ നടക്കുന്നത്. ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കയാണ്. നൂറ്റാണ്ടുകളായി നടന്ന പീഡനങ്ങളെ അതിജീവിച്ചവർ ഇപ്പോഴത്തെ മതപീഡനത്തെ അതിജീവിക്കുമോ? അന്താരാഷ്ട്രസമൂഹം അതിന് എന്ത് ചെയ്യുന്നു? ആകെയുള്ള ധാർമികശബ്ദം ഫ്രാൻസിസ് മാർപാപ്പായുടെത് മാത്രമാണ്. ടെന്റുകളിൽ കഴിയുന്ന ഈ പാവപ്പെട്ട ഹതഭാഗ്യരോട് നമുക്ക് ഒരു കടപ്പാടുമില്ലേ?